**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *543 — 27-10-2016 -ൽ മറുപടിക്ക്

**ദുരന്ത ലഘൂകരണ പദ്ധതി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. സണ്ണി ജോസഫ്**<br>**ശ്രീ. കെ.മുരളീധരൻ**<br>**ശ്രീ. വി.പി.സജീന്ദ്രൻ**<br>**ശ്രീ. എ.പി. അനിൽ കുമാർ** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനത്ത് ദുരന്ത ലഘൂകരണ പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) | ഉണ്ട്. കേരളത്തിലെ ആദ്യ 'സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതി' 7-9-2016 ന് ചേർന്ന സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി യോഗം അംഗീകരിച്ചു. പ്രസ്തുത പദ്ധതി 09.09.2016-ലെ GO (Rt) No. 3667/2016/DMD പ്രകാരം സർക്കാർ അംഗീകരിച്ചു. |
| ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | ബി) | 4 ലക്ഷ്യങ്ങളാണ് പ്രധാനമായും ഉള്ളത്.<br>1 ദുരന്ത സാധ്യതകളെ മനസ്സിലാക്കുക<br>2 ദുരന്ത സാധ്യതകളെ ലഘൂകരിക്കുന്നതിനായി ഭരണതലത്തിൽ തയ്യാറെടുപ്പുകൾ നടത്തുക<br>3 ദുരന്ത അതിജീവനത്തിന് ആവശ്യമായ അളവിൽ സാമ്പത്തിക സഹായം ലഭ്യമാക്കുക<br>4 ദുരന്ത പ്രതികരണ സംവിധാനങ്ങളും, ദുരന്തശേഷ പുനരുദ്ധാരണ പ്രവർത്തനങ്ങളും മെച്ചപ്പെടുത്തുക |
| സി) | ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | സി) | സംസ്ഥാന-ജില്ലാ ദുരന്തനിവാരണ അതോറിറ്റികളെ ശക്തിപ്പെടുത്തുന്നതിന് ഇരുപത്തിയേഴ് ഇന പരിപാടികൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ഡി) | പദ്ധതി നടപ്പിലാക്കുന്നതിനായി വിവിധ വകുപ്പുകളുടെ ഏകോപനത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ? | ഡി) | പ്രസ്തുത പദ്ധതിയുടെ ഏകോപനത്തിനായി ഈ പദ്ധതിയിൽ പ്രതിപാദിച്ചിരിക്കുന്ന വകുപ്പുകളിൽ 15 പേരടങ്ങുന്ന ഒരു വെർച്ച്വൽ കേഡർ (20 വർഷ സർവ്വീസ് ബാക്കിയുള്ള സന്നദ്ധ ഉദ്യോഗസ്ഥ സംഘം) രൂപീകരിക്കുവാനും പ്രസ്തുത കേഡറിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുന്ന ഉദ്യോഗസ്ഥർക്ക് വിപുലമായ വിദഗ്ധ പരിശീലനം നൽകുവാനും ഉദ്ദേശിച്ചിട്ടുണ്ട്. എല്ലാ വകുപ്പുകളുടെയും പദ്ധതി അടങ്കലിന്റെ 10% അതാത് വകുപ്പുകളുമായി ബന്ധപ്പെട്ട് ദുരന്ത തയാറെടുപ്പ്, പ്രതിരോധ, പ്രതികരണ പ്രവർത്തനങ്ങൾക്ക് മാറ്റി വയ്ക്കണമെന്നും ഈ പദ്ധതിയിൽ നിർദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ